**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **26-07-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ പാതയിലെ പാറക്കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ .പി. കെ. ബഷീർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ ഗ്യാപ്പ് റോഡിൽ നിന്നും 50,000 ലോഡ് പാറപൊട്ടിച്ച് കടത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | കൊച്ചി - ധനുഷ്കോടി ദേശീയ പാതയിലെ ഗ്യാപ്പ് റോഡിൽ നിന്നും അനധികൃതമായി പാറ പൊട്ടിച്ച കടത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | അനധികൃതമായി കടത്തിയ പാറയുടെ വില ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഗ്യാപ്പ് റോഡിൽ നിന്നും അനധികൃതമായി 251289.33 മീ.ക്യൂബ് പാറ പൊട്ടിച്ച് നീക്കം ചെയ്തതായി കണ്ടെത്തിയിട്ടുള്ളതിനാൽ അനധികൃതമായി ഖനനം ചെയ്ത നീക്കിയിട്ടുള്ള ധാതുവിനു നിശ്ചയിച്ചിട്ടുള്ള റോയൽറ്റി, പാറവില ഉൾപ്പെടെയുള്ള 4,52,32,078/- രൂപയും ജി.എസ്.റ്റിയും കൂടാതെ പൊതുമരാമത്ത് വിപണിമൂല്യം അനുസരിച്ചുള്ള തുകയും ഈടാക്കാൻ ജിയോളജിസ്റ്റിനും, കേരള ഭൂസംരക്ഷണ നിയമ പ്രകാരം എൽ.സി കേസ് ബുക്ക് ചെയ്യാനും, അനധികൃതമായി ഖനനം ചെയ്ത 251289.33 മീ.ക്യൂബ് പാറയുടെ സീനിയറേജ് ഈടാക്കാനും ഉടുമ്പൻചോല തഹസീൽദാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി ഖനനം നടത്തിയ ഗ്രീൻവർത്ത് എന്ന കമ്പനിക്ക് ടി പാറയുടെ വില ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ജിയോളജിസ്റ്റ് 12/07/2021-ന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനകം എത്ര തുക ഈടാക്കിയെന്നു വിശദമാക്കുമോ? | (സി) | അനധികൃതമായി ഖനനം നടത്തിയതിന് നിലവിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ